File No.TRANS-C1/359/2017-TRANS

e-87839/19

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

ഗതാഗത വകുപ്പ്- മോട്ടോർ വാഹന വകുപ്പിൽ പുതിയ 7 സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ആരംഭിക്കുന്നതിനും അതുമായി ബന്ധപ്പെട്ട് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗതാഗത (സി) വകുപ്പ്

**സ.ഉ.(കൈ) നം.13/2019/ഗതാഗതം** തീയതി,തിരുവനന്തപുരം, 11/02/2019

പരാമർശം:- ഗതാഗത കമ്മീഷണറുടെ 03.11.2018-ലെ എ1/15297/2014/റ്റി.സി നമ്പർ കത്ത്.

ഉത്തരവ്

സബ് ആർ.ടി ഓഫീസുകൾ ഇല്ലാത്ത 7 താലൂക്കുകളിൽ പുതിയ ഓഫീസുകൾ ആരംഭിക്കുന്നതിനായി 2018-19- വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 7 പുതിയ സബ് ആർ.ടി ഓഫീസുകൾ സ്ഥാപിക്കാനും അതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കാനുമുള്ള നിർദ്ദേശം ഗതാഗത കമ്മീഷണർ, പരാമർശത്തിലെ കത്ത് പ്രകാരം സമർപ്പിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊണ്ടോട്ടി, രാമനാട്ടുകര(ഫറോക്ക്), പയ്യന്നൂർ, ചടയമംഗലം, പത്തനാപുരം, കോന്നി, വർക്കല എന്നീ സ്ഥലങ്ങളിൽ പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ തുടങ്ങുന്നതിനും പ്രസ്തുത ഓഫീസുകൾ ഓരോന്നിലും ചുവടെ പട്ടികയിൽ പറയുന്ന എണ്ണം (ആകെ-7X7=49) തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകുന്നു.

| ക്രമ നമ്പർ | തസ്തിക | ഒരു സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലേക്കുള്ള തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ | 1 |
| 2 | മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ | 1 |
| 3 | അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ | 2 |

| | | |
|---|---|---|
| 4 | ഹെഡ് അക്കൗണ്ടന്റ്/<br>ഹെഡ് ക്ലാർക്ക് | 1 |
| 5 | സീനിയർ ക്ലാർക്ക് | 1 |
| 6 | ക്ലാർക്ക് | 1 |
| | ആകെ | 07 |

3)കൂടാതെ ടി. ഓഫീസുകൾ ഓരോന്നിലും ഒരു ഡ്രൈവറുടേയും ഒരു ഓഫീസ് അറ്റൻഡന്റിന്റേയും (ദിവസ വേതനം) ഒരു കാഷ്വൽ സ്വീപ്പറുടേയും തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ.ആർ.ജ്യോതിലാല്

പ്രിൻസിപ്പല് സെക്രട്ടറി

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (19.01.2019-ലെ U.O(R)നം.69100ഐ&പി.ഡബ്ല്യു എ-1/17/ധന, പ്രകാരം)

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ/പ്രസ് റിലീസ്) വകുപ്പ്.

(സർക്കാർ വെബ്സൈറ്റിലും, പത്രമാദ്ധ്യമങ്ങളിലും പ്രസിദ്ധീകരണത്തിന്)

പൊതുഭരണ (എസ്.സി) വകുപ്പ്.(ഇനം നം.          തീയതി.          )

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Endt No. A1/15297/2014/TC dated 15/2/2019

Copy communicated to all DTCs/RTOs/JRTOs for necessary action.

15/2/19

For Transport Commissioner